## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 571 | 29.11.2018 ൽ മറുപടിക്ക്

### ബാംബൂ കോർപ്പറേഷൻ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

**ചോദ്യം**
ശ്രീ.റോജി എം. ജോൺ

**ഉത്തരം**
ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ എത്ര സ്ഥിരം ജീവനക്കാരാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കോർപ്പറേഷനിൽ കരാർ-ദിവസ വേതന അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നു എന്നും തസ്തിക തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (എ) | കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു: |

| ക്രമ നം | തസ്തിക | സ്ഥിരം ജീവനക്കാരുടെ എണ്ണം | കരാർ-ദിവസ വേതന തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | ജീവനക്കാർ | 40 | - |
| 2 | Bambo Board Factory(BBF) തൊഴിലാളികൾ | 73 | - |
| 3 | ഡിപ്പോ തൊഴിലാളികൾ | 47 | - |
| 4 | നല്ലളം ഫാക്ടറി തൊഴിലാളികൾ | 17 | - |
| 5 | കരാർ-ദിവസ വേതന തൊഴിലാളികൾ | - | - |
| | 1) ട്രെയിനീസ് | - | 20 |
| | 2)ഡിപ്പോ വർക്കർ ട്രെയിനീസ് | - | 3 |
| | 3) Trainer to Weavers | - | 3 |
| | 4) കാഷ്വൽ തൊഴിലാളികൾ | - | 7 |
| | 5)സ്വീപ്പർ | - | 3 |
| | ആകെ | 177 | 36 |

| | | | |
|---|---|---|---|
| (ബി) | കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പളത്തിന് പുറമേ മറ്റെന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് എന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പളത്തിന് പുറമേ മെഡിക്കൽ, ലീവ് സറണ്ടർ ആനുകൂല്യങ്ങളാണ് നൽകി വന്നു കൊണ്ടിരുന്നത്. എന്നാൽ കോർപ്പറേഷന്റെ ഭീമമായ നഷ്ടം മൂലമുണ്ടായ സാമ്പത്തിക |

<table>
<tr>
<td></td>
<td></td>
<td></td>
<td>ബുദ്ധിമുട്ട് കാരണം 2017-18 & 2018-19 സാമ്പത്തിക വർഷങ്ങളിലെ മെഡിക്കൽ ആനുകൂല്യങ്ങളും 2016-17, 2017-18 & 2018-19 സാമ്പത്തിക വർഷങ്ങളിലെ ലീവ് സറണ്ടർ ആനുകൂല്യങ്ങളും ഇതുവരെ നൽകിയിട്ടില്ല.</td>
</tr>
<tr>
<td>(സി)</td>
<td>കോർപ്പറേഷനിലെ നിലവിലെ ജീവനക്കാർക്കോ വിരമിച്ചജീവനക്കാർക്കോ മേൽപ്പറഞ്ഞ ഏതെങ്കിലും ആനുകൂല്യം നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നൽകേണ്ട കുടിശ്ശികയുടെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജീവനക്കാർക്കും പെൻഷൻകാർക്കും പുതിയതായി ഏതെങ്കിലും ആനുകൂല്യം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;</td>
<td>(സി)</td>
<td>കോർപ്പറേഷനിലെ നിലവിലെ ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും താഴെപ്പറഞ്ഞ ആനുകൂല്യം നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ട്. കോർപ്പറേഷനിലെ നിലവിലെ ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും റിട്ടയർമെന്റ് ആനുകൂല്യമായി നൽകാനുള്ളതായ 31/05/2013 മുതലുള്ള ഗ്രാറ്റുവിറ്റി, 2005 മുതലുള്ള ടെർമിനൽ സറണ്ടർ ഇനങ്ങളിലുള്ള കുടിശ്ശികയുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം</th><th>ഇനം</th><th>അടക്കേണ്ട തുക</th></tr>
<tr><td>1</td><td>മെഡിക്കൽ ആനുകൂല്യങ്ങൾ</td><td>22 ലക്ഷം</td></tr>
<tr><td>2</td><td>ലീവ് സറണ്ടർ ആനുകൂല്യങ്ങൾ 2018-19</td><td>14.65 ലക്ഷം</td></tr>
<tr><td>3</td><td>വിരമിച്ച തൊഴിലാളികൾക്ക് നൽകാനുള്ള ഗ്രാറ്റുവിറ്റി & ടെർമിനൽ സറണ്ടർ ആനുകൂല്യം</td><td>150 ലക്ഷം</td></tr>
<tr><td>4</td><td>ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനത്തിന്റെ ഭാഗമായുള്ള ഡി.എ. കുടിശ്ശിക</td><td>900 ലക്ഷം</td></tr>
<tr><td></td><td>ആകെ</td><td>1086.65 ലക്ഷം</td></tr>
</table>
ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജീവനക്കാർക്കും തൊഴിലാളികൾക്കും നൽകിയ ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br><br>
1) ബാംബൂ ബോർഡ് ഫാക്ടറി ജീവനക്കാരുടെ ദീർഘകാല കരാർ 01/02/2017 മുതൽ നടപ്പിലാക്കി.<br><br>
2) പരമ്പരാഗത ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 08/05/2017 മുതൽ 20% കൂലി വർദ്ധനവ് നടപ്പിലാക്കുകയുണ്ടായി.<br><br>
3) പരമ്പരാഗത ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേജസ്സിന്റെ</td>
</tr>
</table>

| | | | |
|---|---|---|---|
| | | | കുടിശ്ശിക ഇനത്തിൽ 1067 ലക്ഷം രൂപയുണ്ടായിരുന്നതിൽ ഭാഗികമായി 167 ലക്ഷം രൂപ ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തു. ബാക്കി നൽകുന്നതിനുള്ള കുടിശ്ശികയായ 900 ലക്ഷം രൂപ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് വിതരണം നടത്തും. |
| (ഡി) | ഈ പരമ്പരാഗത വ്യവസായം സംരക്ഷിക്കുന്നതിനും ഇതിനെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന പരമ്പരാഗത തൊഴിലാളികൾക്കും കോർപ്പറേഷനിലെ ജീവനക്കാർക്കും ലഭിക്കേണ്ട ആനുകൂല്യങ്ങളും നൽകുന്നതിനായി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | **1)** ഫണ്ടിന്റെ അപര്യാപ്തതമൂലം കോർപ്പറേഷന്റെ പ്രവർത്തന മൂലധനത്തിൽ നിന്നെടുത്താണ് ഇൻസൻറീവ് വിതരണം ചെയ്തത് ആയതിനാൽ പരമ്പരാഗത തൊഴിലാളികൾക്കും കോർപ്പറേഷനിലെ ജീവനക്കാർക്കും ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകുവാൻ കോർപ്പറേഷന് സാധിച്ചിട്ടില്ല.<br><br>**2)** വനം വകുപ്പിന്റെ അനുമതിയോടെ കേരളത്തിലെ വനത്തിൽ നിന്ന് ശേഖരിക്കുന്ന ഈറ്റ കോർപ്പറേഷന്റെ നെയ്ത്ത് കേന്ദ്രങ്ങളിലുള്ള പനമ്പ് നെയ്ത്തുകാർക്ക് എത്തുന്നത് വരെയുള്ള ചെലവ് ഒരു കെട്ട് ഈറ്റക്ക് 243 രൂപയാണ്. എന്നാൽ അതിലും കുറഞ്ഞ വിലക്ക് ഈറ്റ പനമ്പ് നെയ്ത്തുകാർക്ക് നെയ്യുന്നതിനായി കൊടുക്കുന്നതിനാൽ കോർപ്പറേഷന്റെ പ്രവർത്തന മൂലധനം ചോർന്നു പോകുകയാണ്. ഈയിനത്തിൽ കോർപ്പറേഷൻ പ്രതിവർഷം 2.50 കോടി രൂപയുടെ നഷ്ടം നേരിടുന്നു തന്മൂലം ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം കൊടുക്കുന്നതിനുള്ള പണം കണ്ടെത്താൻ കഴിയുന്നില്ല. |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന്റെ പ്രവർത്തന മേഖല വിപുലീകരിച്ചു കൊണ്ടും നിലവിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി കൊണ്ടും കോർപ്പറേഷനെ ലാഭകരമായ ഒരു സ്ഥാപനമായി മാറ്റിയെടുക്കുന്നതിനായി ലക്ഷ്യമിട്ടു കൊണ്ട് കോർപ്പറേഷൻ സംസ്ഥാന സർക്കാരിലേക്ക് സമർപ്പിച്ച 15 സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ബാംബൂ കൊറഗേറ്റഡ് ഷീറ്റ് നിർമ്മാണത്തിനുമുള്ള പദ്ധതിക്ക് സർക്കാർ 7.80 കോടി രൂപ അനുവദിക്കുകയും കേരള സംസ്ഥാന ബാംബൂ മിഷനിലൂടെ നാഷണൽ ബാംബൂ മിഷനിലേക്ക് സമർപ്പിച്ച 25.71 കോടിയുടെ 12 പദ്ധതികൾ കേന്ദ്ര സർക്കാർ 2018-19 വർഷത്തേക്ക് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കോർപ്പറേഷനിലെ എം .ഡി , ചെയർമാൻ, മറ്റ് ബോർഡ് അംഗങ്ങൾ എന്നിവർക്കായി മെഡിക്കൽ അലവൻസ് , ടി.എ , വാഹന ഉപയോഗം തുടങ്ങിയവയ്ക്കായി ചെലവായ തുക ഇനം തിരിച്ച് വ്യക്തമാക്കാമോ? | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോർപ്പറേഷനിലെ ചെയർമാൻ, മറ്റ് ബോർഡ് അംഗങ്ങൾ എന്നിവർക്കായി മെഡിക്കൽ അലവൻസ് ഒന്നും തന്നെ നൽകിയിട്ടില്ല. സ്ഥാപനത്തിലെ മാനേജിംഗ് ഡയറക്ടർക്ക് നവംബർ 2017 മുതൽ നവംബർ 2018 വരെയുള്ള കാലയളവിൽ 120000/- രൂപയുടെ മെഡിക്കൽ അലവൻസിന് അർഹതയുണ്ട്. എന്നാൽ കോർപ്പറേഷന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം മാനേജിംഗ് ഡയറക്ടർക്ക് മെഡിക്കൽ അലവൻസായി 21730/- രൂപ |

| | | | |
|---|---|---|---|
| | | | മാത്രമേ നൽകിയിട്ടുള്ളൂ.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോർപ്പറേഷനിലെ ബോർഡ് അംഗങ്ങൾക്ക് TA ഇനത്തിൽ 150021/- രൂപ നൽകിയിട്ടുണ്ട്. ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവർക്ക് TA ഇനത്തിൽ ഒരു തുകയും നൽകിയിട്ടില്ല.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോർപ്പറേഷനിലെ ഓഫീസ് വാഹനങ്ങൾക്ക് (ഡീസൽ, മെയിൻറനൻസ് എന്നീ ഇനങ്ങളിൽ) 1221973/- രൂപ ചിലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ